<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4397 19-10-2011-ലെ മറുപടിക്ക്

## കൃഷി വകുപ്പ് നിരോധിച്ച കീടനാശിനികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി പി. അയിഷാ പോറ്റി** | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ദൂഷ്യഫലങ്ങൾ ഉളവാക്കുന്നതും കൃഷിവകുപ്പ് നിരോധിച്ചതുമായ കീട-കള-കുമിൾ നാശിനികൾ ഏതെല്ലാമാണ് ; | (എ) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ116/2011/കൃഷി തീയതി, 07-05-2011 പ്രകാരം കൃഷി വകുപ്പ് കേരളത്തിൽ വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ CARBOFURAN, PHORATE, METHYL PARATHION, MONOCROTOPHOS, METHYL DEMETONഎന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ TRIAZOPHOS,PREPHENOPHOS എന്നിവയും കുമിൾ നാശിനികളായ EDIPHENPHOS, TRICYCLAZOLE, OXYTHIOQUINOS എന്നിവയും കളനാശിനികളായ ANILOPHOS, PARAQUAT, THIOBENCARB, ATRAZIN തുടങ്ങിയവയും നിരോധിച്ചിട്ടുണ്ട്. |
| (ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിയിട ങ്ങളിൽ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (ബി) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) നമ്പർ22/2011/കൃഷി തീയതി, 17-01-2011 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പന ശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. വിളയുടെ |

പേരും രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന് എതിരായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കർഷക ബോധവൽക്കരണം വഴിയും പരിശീലന പരിപാടികൾ മുഖേനയും പകരമായുള്ള കീടനാശിനികളെ സംബന്ധിച്ചുള്ള അവബോധം കർഷകരിൽ വളർത്തുകയും നിരോധിച്ച കീടനാശിനികൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ബദൽ കീടനാശിനികൾ ആവശ്യമായ അളവിൽ ഉണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. നിരോധിച്ച കീടനാശിനികളുടെ വിതരണം, ശേഖരം എന്നിവ തടയുന്നതിനായി ഒരു ജില്ലാതല സ്ക്വാഡ് രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ(ഇ&റ്റി) അസിസ്റ്റന്റ് ഡയറക്ടർ(ക്യു.സി)എന്നിവർ അംഗങ്ങളാണ്. പ്രതിവാര പരിശോധനകൾ ഡിപ്പോകളിലും അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ(ക്യു.സി) മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ